LIBRARY ARCHIVES Kerala Legislative Assembly

## ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറി

**17 (2831)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, കണ്ണൂർ, കോട്ടയം, ജില്ലകളിലെ ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികൾ നടത്തപ്പെടുന്നതായി പട്ടികജാതി ഗോത്ര കമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ലഭിച്ച പരാതികളിൽ അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസി ഭൂമി കയ്യേറി കരിങ്കൽ ക്വാറികൾ വ്യാപകമാക്കുന്നതിനുള്ള ശ്രമം നടത്തുന്നു എന്നത് സംബന്ധിച്ച് മലഅരയ സംരക്ഷണ സമിതി പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന് പരാതി നൽകിയിട്ടുണ്ട്.

(ബി) മേൽ പരാതിയിന്മേൽ 18-3-2015-ന് സ്ഥലം സന്ദർശിച്ച് പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. പരാതി ഇപ്പോൾ കമ്മീഷനിൽ വിചാരണയിലാണ്. പരാതിയിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ടി കേസ് തീർപ്പ് കൽപ്പിച്ചിട്ടില്ല.

## റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന നിവേദനവുമായുള്ള ഡൽഹി യാത്ര

**18 (2832)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകുവാൻ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിനായുള്ള നിവേദക സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റേതെങ്കിലും മന്ത്രിമാർ ഉണ്ടായിരുന്നോ ; എങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം കേന്ദ്രമന്ത്രിമാരെയാണ് നിവേദക സംഘം കണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിവേദനം സമർപ്പിച്ചതിന്റെ ഫലമായി നാളിതുവരെയായി എന്തെങ്കിലും തരത്തിലുള്ള അനുകൂല നടപടികൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് പല പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയെക്കാണാൻ ധനകാര്യവകുപ്പുമന്ത്രി, തൊഴിൽവകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, വനം-ഗതാഗതവകുപ്പുമന്ത്രി, റവന്യൂവകുപ്പുമന്ത്രി, ജലവിഭവവകുപ്പുമന്ത്രി, ഫിഷറീസ്-എക്സൈസ് വകുപ്പുമന്ത്രി, ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി എന്നിവർ നിവേദക സംഘത്തിൽ ഉണ്ടായിരുന്നു. ഒരു പ്രാവശ്യം പ്രതിപക്ഷ നേതാവും ഉണ്ടായിരുന്നു.

(ഡി) റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല തവണ നിവേദനങ്ങൾ നൽകിയതുപ്രകാരം 30-4-2015 മുതൽ ഇറക്കുമതി ചുങ്കം 25 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ ബി.പി.എൽ.-ലേക്ക് മാറ്റിയ റേഷൻ കാർഡുകൾ**

**19 (2833)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ മുന്നേറ്റങ്ങളിലായി നടന്ന ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡിൽനിന്നും ബി.പി.എൽ. റേഷൻ കാർഡിലേക്ക് മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചു ; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ചു എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly